GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

29-06-2021

## കാർഷികവാർത്തകൾ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

### 1. വെളിച്ചെണ്ണ മിൽ പ്ലാന്റ് മാമത്ത് പ്രവർത്തനം തുടങ്ങുന്നു

മാമത്ത് ഇന്റഗ്രേറ്റഡ് കോക്കനട്ട് പ്രോസസ്സിംഗ് കോംപ്ലക്സിൽ പ്രവർത്തനം തുടങ്ങുന്ന കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (കേര കോർപ്പിന്റെ) വെളിച്ചെണ്ണ ഉൽപാദന പ്ലാന്റിന്റെ ഉദ്ഘാടനം നാളെ (30.06.2021) വൈകിട്ട് 4 മണിക്ക് കൃഷി വകുപ്പ് മന്ത്രി പ്രസാദ് നിർവഹിക്കും .'കേരജം' എന്ന ബ്രാൻഡിൽ ആണ് വെളിച്ചെണ്ണ വിപണിയിൽ ഇറങ്ങുന്നത്.

### 2. റബ്ബർ ബോർഡ് കോൾസെന്റർ

റബ്ബർമരങ്ങളെ ബാധിക്കുന്ന മഞ്ഞുകാലരോഗങ്ങൾ, അവയുടെ നിയന്ത്രണമാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധിച്ച ചോദ്യങ്ങൾക്ക് ഇന്ന് രാവിലെ പത്തു മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഡോ. ഷാജി ഫിലിപ്പ് ഫോണിലൂടെ മറുപടി പറയും. കോൾ സെന്റർ നമ്പർ 04812576622.

### ഓൺലൈൻ പരിശീലനങ്ങൾ

3. കേരള വെറ്ററിനറി സർവകലാശാല 'ഡയറി ഫാമുകളിലെ വർഷകാല മുന്നൊരുക്കങ്ങളെ' ആധാരമാക്കി നടത്തുന്ന വെബിനാർ പരമ്പരയിൽ ഇന്ന് വൈകിട്ട് 5.00 മണിക്ക് **'വിരനിയന്ത്രണം കന്നുകാലികളിൽ'** എന്ന വിഷയത്തിനെ അടിസ്ഥാനപ്പെടുത്തി സർവകലാശാല പ്രൊഫസർ ഡോ. **അഞ്ജു വർഗ്ഗീസിന്റെ പ്രഭാഷണം ഉണ്ടായിരിക്കുന്നതാണ്. നാളെ (30-06-2021 ന്)**

'**ആദായകരമായ പശുവളർത്തലിന് വേണ്ട പ്രജനന രീതികൾ**' എന്നതാണ് പ്രഭാഷണ വിഷയം. കർഷകർക്ക് സംശയദൂരീകരണത്തിനുള്ള അവസരവും ഒരുക്കിയിട്ടുണ്ട്. വിശദവിവരങ്ങൾക്കായി ഫോൺകോളിലൂടെയോ വാട്സ്ആപ്പിലൂടെയോ ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ് **– 9446714462.**

4. **ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന** **കേന്ദ്രത്തിന്റെ** നേതൃത്വത്തിൽ ഇന്ന് (29.6.2021) രാവിലെ 11 മണി മുതൽ "ശുദ്ധമായ പാലുത്പാദനം" എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് മുഖേന ഓൺലൈൻ പരിശീലനം നൽകുന്നതാണ്. **9947775978** എന്ന വാട്സ്ആപ്പ് നമ്പറിലേക്ക് പേരും മേൽ വിലാസവും അയച്ചു നൽകി പരിശീലനത്തിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **04762698550**

**5. തിരുവല്ല മഞ്ഞാടിയിലെ ഡക്ക് ഹാച്ചറി ആൻഡ് ട്രെയിനിംഗ്** ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (29.06.2021) താറാവ് വളർത്തൽ എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **9188522711.**

6. **സംരഭകത്വ വികസന പദ്ധതിയുടെ ഭാഗമായി കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ്** ബോർഡിന്റെ സഹകരണത്തോടെ സെൻട്രൽ ഹാച്ചറിയിൽ വച്ച് **ആദായകരമായ പാലുൽപാദനം, ആട് പരിപാലനം, പന്നി പരിപാലനം, ഫാം മാനേജ്മെന്റ്, ഡയറി പ്രോഡക്ട്സ്** തുടങ്ങിയ വിഷയങ്ങളിൽ കോവിഡ് നിയന്ത്രണങ്ങൾ മാറുന്ന മുറയ്ക്ക് കർഷകർക്ക് റസിഡൻഷ്യൽ പരിശീലനം നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഈ മാസം 30-ന് മുമ്പായി **9188522703** എന്ന നമ്പരിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. **ഫിഷറീസ് വകുപ്പ് ജലകൃഷി വികസന ഏജൻസി**യുടെ എരഞ്ഞോളി ഫിഷ് ഫാമിൽ പൂമീൻ കുഞ്ഞുങ്ങൾ വില്പനയ്ക്ക് തയ്യാറായതായി ഫിഷറീസ് അസി. ഡയറക്ടർ അറിയിച്ചു. താത്പര്യമുള്ളവർ **0490 2354073** എന്ന നമ്പറിൽ വിളിച്ച് ബുക്ക് ചെയ്യാം. എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 മണി മുതൽ വൈകിട്ട് അഞ്ച് വരെ വിൽപനയുണ്ടാകും .

8. **കാർഷികസർവകലാശാലയുടെ വിളപരിപാലന നിർദ്ദേശങ്ങൾ**

- ഫ്യൂസേറിയം വാട്ടം അഥവാ വള്ളിയുണക്കം - പയറിൽ മണ്ണിനു തൊട്ടുമുകളിലുള്ള തണ്ട് ചീഞ്ഞു വള്ളി വാടുന്നതാണ് രോഗലക്ഷണം. ഇതിനെ പ്രതിരോധിക്കുന്നതിനായി നടീലിനു മുമ്പായി തടത്തിൽ ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച ചാണകം ഇട്ടു കൊടുക്കുക. രോഗം നിയന്ത്രിക്കുന്നതിനായി ബാവിസ്റ്റിൻ 2 ഗ്രാം/ലിറ്റർ അല്ലെങ്കിൽ സാഫ് 3 ഗ്രാം/ലിറ്റർ എന്ന തോതിൽ ചെടിയുടെ ചുവട്ടിലായി ഒഴിച്ച് കൊടുക്കുകയും ചെയ്യുക.
- പടവലം, പാവൽ എന്നിവയിൽ കായീച്ചയുടെ ആക്രമണം ചെറുക്കുന്നതിന് പഴക്കെണി പന്തലിന്റെ പല ഭാഗങ്ങളിലായി തൂക്കാവുന്നതാണ്.
- മഴക്കാലത്ത് പയറിൽ കരിവള്ളിക്കേട് എന്ന രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം കലക്കി തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

9. **മൃഗ പരിപാലന നിർദ്ദേശങ്ങൾ**

മഴക്കാലം കൊതുകുകൾക്കു മുട്ടയിട്ട് പെരുകാൻ അനുയോജ്യമായ സമയമായതിനാൽ തൊഴുത്തും അതിന്റെ പരിസരവും വൃത്തിയായി സൂക്ഷിക്കുക. മഴക്കാലമായതിനാൽ തീറ്റയിൽ പൂപ്പൽ ബാധ ഏൽക്കാൻ സാധ്യത ഉള്ളതിനാൽ കാലിത്തീറ്റ ദീർഘനാൾ വാങ്ങി

സൂക്ഷിക്കാതിരിക്കാനും പൂപ്പൽ ബാധിച്ച തീറ്റകൾ കന്നുകാലികൾക്ക് നൽകാതിരിക്കാനും ശ്രദ്ധിക്കുക. തുടർച്ചയായ മഴയ്ക്ക് സാധ്യത ഉള്ളതിനാൽ തൊഴുത്തിൽ വെള്ളം കെട്ടി നിൽക്കുന്ന അവസ്ഥ ഒഴിവാക്കാൻ ശ്രദ്ധിക്കുക.

sd/-

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**